**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2306 **18.03.2015** ൽ മറുപടി നൽകേണ്ടിയിരുന്നത്.

## വന മേഖലയിലെ ക്വാറികൾ

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| | **ശ്രീ. വി. ശശി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് വനഭൂമിക്കടുത്ത് പ്രവർത്തിക്കുന്ന 70 ക്വാറികൾ ഏതെല്ലാമാണ്; ക്വാറികൾക്ക് ലൈസൻസ് ലഭിക്കാൻ ഉടമകൾ ഹാജരാക്കിയ ഭൂരേഖകൾ ഏതെല്ലാം; അവയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കൈവശമുള്ള രേഖകൾ / അനുവദിച്ചിട്ടുള്ള പെർമിറ്റ് / ലീസുകൾ പ്രകാരം ആകെ 25 ക്വാറികൾ മാത്രമേ വനഭൂമിയ്ക്ക് അടുത്ത് പ്രവർത്തിക്കുന്നുള്ളൂ. ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.<br>തിരുവനന്തപുരം - 2<br>കൊല്ലം - 1<br>പത്തനംതിട്ട - ഇല്ല.<br>ആലപ്പുഴ - ഇല്ല.<br>എറണാകുളം - 10<br>കോട്ടയം - ഇല്ല.<br>ഇടുക്കി - ഇല്ല.<br>തൃശൂർ - ഇല്ല.<br>മലപ്പുറം - 4<br>പാലക്കാട് - 3<br>വയനാട് - ഇല്ല.<br>കോഴിക്കോട് - 3<br>കണ്ണൂർ - ഇല്ല.<br>കാസറഗോഡ് - 2<br><br>ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുവേണ്ടി മൈനിംഗ് & ജിയോളജി വകുപ്പിൽ ഹാജരാക്കിയ ഭൂരേഖകൾ താഴെ കൊടുക്കുന്നു.<br>1. സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്.<br>2. സ്ഥലത്തിന്റെ സർവ്വേമാപ്പ്.<br>3. ഭൂമി വനഭൂമിയിൽ ഉൾപ്പെടുന്നില്ലെന്നും മറ്റാവശ്യങ്ങൾക്കുവേണ്ടി |

| | | | |
|---|---|---|---|
| | | | പതിച്ചുകൊടുത്തതല്ലെന്നും സാക്ഷ്യപ്പെടുത്തി കൊണ്ട് വില്ലേജ് ആഫീസർ അനുവദിക്കുന്ന സർട്ടിഫിക്കറ്റ്.<br>4. ഭൂമി റവന്യൂ പുറമ്പോക്കാണെങ്കിൽ റവന്യൂ വകുപ്പ് അനുവദിക്കുന്ന നിരാക്ഷേപ പത്രം.<br>മേൽപ്പറഞ്ഞ രേഖകളുടെ പകർപ്പ് അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ക്വാറി ഉടമകളുടെ പേര് വിവരം ലഭ്യമാക്കാമോ? | (ബി) | ക്വാറി ഉടമകളുടെ പേര് വിവരം, അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ